LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. വി. ശിവൻകുട്ടി, മറുപടി എങ്ങനെ പറയണമെന്ന് തീരുമാനിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രിയാണ്. അത് ചെയറിന് കഴിയില്ല.

## കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി

3 (*3) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) അവയുടെ ഫലം വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവ് അന്തരം കുറച്ച് ലാഭത്തിലേയ്ക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയുമാണ്. കെ.റ്റി.ഡി.എഫ്.സി.യിൽനിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും എടുത്തിട്ടുള്ള വായ്പകൾ മറ്റ് പൊതുമേഖലാ/വാണിജ്യ ബാങ്കുകളിലേയ്ക്ക് മാറ്റുന്നതിനായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിന് M/s SBI CAPITAL MARKETS Ltd. എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച Financial Information Memorandum തയ്യാറാക്കി പൊതുമേഖലാ/വാണിജ്യ ബാങ്കുകൾക്ക് നൽകുകയും അതിൻപ്രകാരം 10 ബാങ്കുകൾ വായ്പ അനുവദിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. താഴെ പറയുന്ന ബാങ്കുകൾ കൺസോർഷ്യത്തിലേയ്ക്ക് ടി ബാങ്കുകളുടെ പേരിനുനേരെ നൽകിയിരിക്കുന്ന തുക അനുവദിച്ച് നൽകാമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | - | 350 കോടി രൂപ |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദ്രാബാദ് | - | 50 " |
| ആന്ധ്രാ ബാങ്ക് | - | 100 " |

| | | | |
|---|---|---|---|
| കാനറാ ബാങ്ക് | - | 200 | " |
| കേരളാ ഗ്രാമീൺ ബാങ്ക് | - | 50 | " |
| യൂണിയൻ ബാങ്ക് | - | 100 | " |
| വിജയാ ബാങ്ക് | - | 100 | " |
| പഞ്ചാബ് നാഷണൽ ബാങ്ക് | - | 75 | " |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | - | 200 | " |
| ലക്ഷ്മി വിലാസം ബാങ്ക് | - | 75 | " |
| ആകെ | - | 1,300 | " |

ഇവയിൽ SBT, Lekshmi Vilas Bank (LVB) എന്നീ ബാങ്കുകളിൽ നിന്നുള്ള തുക കെ.റ്റി.ഡി.എഫ്.സി.-ക്ക് അനുവദിച്ച് നൽകിക്കഴിഞ്ഞു. ഇതുസംബന്ധിച്ച് കരാർ ഉടൻ ഒപ്പുവയ്ക്കുന്നതാണ്. ഇത്തരത്തിൽ കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നുള്ള വായ്പാ ബാദ്ധ്യത പൂർണ്ണമായി മറ്റ് ബാങ്കുകൾ ഏറ്റെടുക്കുക വഴി കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസ വായ്പാ തിരിച്ചടവ് ഇനത്തിൽ 35 കോടിയോളം രൂപ ലാഭിക്കാൻ കഴിയുന്നതാണ്.

2015 ഏപ്രിൽ മാസം മുതൽ കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണം കൃത്യമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേയ്ക്ക് പ്രതിമാസം കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്നതിന് തത്തുല്യമായ തുക (20 കോടി രൂപയിൽ അധികരിക്കാതെ) സർക്കാർ നോൺ-പ്ലാൻ വിഹിതമായി അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. ഇപ്രകാരം 2015 ഏപ്രിൽ മാസം മുതൽ നവംബർ മാസം വരെയുള്ള പെൻഷൻ തുക കൃത്യമായി വിതരണം ചെയ്തുകഴിഞ്ഞു. പെൻഷൻ ഫണ്ട് രൂപീകരിച്ചത് വഴി കെ.എസ്.ആർ.ടി.സി. ക്ക് കൃത്യമായി പെൻഷൻ നൽകുവാൻ കഴിയുന്നുണ്ട്.

പെൻഷൻ ഫണ്ടിലേയ്ക്കുള്ള കോർപ്പറേഷന്റെ വിഹിതമായ തുക കണ്ടെത്തുന്നതിന് യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും യാത്രക്കാർക്കുവേണ്ടി ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 15 രൂപയ്ക്ക് മുകളിൽ ടിക്കറ്റ് നിരക്കിൽ യാത്ര ചെയ്യുന്ന യാത്രികരിൽനിന്നും നിശ്ചിത സ്ലാബ് നിരക്കിൽ Social Security Cess ഇനത്തിൽ തുക 2015 ഏപ്രിൽ 1 മുതൽ ഈടാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

അനുമതി നൽകി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ Cess ഇനത്തിൽ തുക ഈടാക്കുന്നതുവഴി പ്രതിമാസം കെ.എസ്.ആർ.ടി.സി.-ക്ക് 6 കോടിയിൽപ്പരം രൂപ അധികമായി ലഭ്യമാകുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ ആസ്തികളുടെ വിപണിമൂല്യം വർദ്ധിപ്പിക്കുന്നതിനായി M/s Varma & Varma, Chartered Accountants എന്ന സ്ഥാപനത്തെ നിയോഗിച്ച് ആസ്തിമൂല്യം പുനർനിർണ്ണയിക്കുകയുണ്ടായി.

2008-09 മുതൽ 2013-14 വരെ സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച് നൽകിയ ആകെ വായ്പാ തുകയായ 1090.75 കോടി രൂപ സർക്കാരിന്റെ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കുറഞ്ഞ 1900 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. സമയബന്ധിതമായി പുതിയ ബസ്സുകൾ നിരത്തിലിറക്കി വരുമാനം വർദ്ധിപ്പിച്ച് വരികയാണ്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. കൊറിയർ/പാർസൽ സർവ്വീസുകൾ M/s TRACKON Courier (P) Ltd. എന്ന സ്ഥാപനവുമായി സഹകരിച്ച് ആരംഭിച്ച് കഴിഞ്ഞു. ബസ് സ്റ്റേഷനുകളിൽ ATM Counter-കളും Indian Coffee House Outlet-കളും ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗതിയിലാണ്. അങ്കമാലിയിലും തിരുവനന്തപുരം സെൻട്രലിലും Indian Coffee House-ന്റെ ശാഖ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

കെ.എസ്.ആർ.ടി.സി.-യിലെ Online Reservation System കാലോചിത മായി പരിഷ്കരിച്ചുകഴിഞ്ഞു. കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനായി തമിഴ്നാട്, കർണ്ണാടക, ആന്ധ്രാ പ്രദേശ്, തെലുങ്കാന, ഗോവ എന്നീ സംസ്ഥാനങ്ങളുമായി കെ.എസ്.ആർ.ടി.സി. കരാറിൽ ഏർപ്പെട്ടുകഴിഞ്ഞു.

(ബി) കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള 1300 കോടിയിൽപ്പരം രൂപയുടെ വായ്പ തിരിച്ചടവിനത്തിൽ കെ.എസ്.ആർ.ടി.സി. പ്രതിമാസം 52 കോടിയിൽപ്പരം രൂപയാണ് ചെലവഴിച്ചുവരുന്നത്. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും എടുത്തിട്ടുള്ള ടി വായ്പ മറ്റ് പൊതുമേഖലാ/വാണിജ്യ ബാങ്കുകളിലേയ്ക്ക് കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലയളവിലും പൂർണ്ണമായി മാറ്റുന്നതോടുകൂടി പ്രതിമാസ വായ്പാ തിരിച്ചടവ്

LIBRARY ARCHIVES Kerala Legislative Assembly

ശരാശരി 15-20 കോടി രൂപയായി കുറയുന്നതാണ്. ഇപ്രകാരം കെ.എസ്.ആർ.ടി. സി.ക്ക് പ്രതിമാസ വായ്പാ തിരിച്ചടവ് ഇനത്തിൽ ഗണ്യമായ തുക കുറയുന്നതാണ്. 2015 ഏപ്രിൽ 1 മുതൽ പെൻഷൻ വിതരണത്തിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേയ്ക്ക് പ്രതിമാസം കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്നതിന് തത്തുല്യമായ തുക (20 കോടി രൂപയിൽ അധികരിക്കാതെ) സർക്കാർ നോൺ-പ്ലാൻ വിഹിതമായി അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 2015 ഏപ്രിൽ 1 മുതൽ യാത്രക്കാരിൽനിന്നും Social Security Cess ഈടാക്കുന്നതുവഴി പ്രതിമാസം കെ.എസ്.ആർ.ടി.സി.-ക്ക് 6 കോടിയിൽപ്പരം രൂപ അധികമായി ലഭ്യമാകുന്നുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ ആസ്തിമൂല്യം പുനർ നിർണ്ണയിച്ചതുവഴി കെ.എസ്.ആർ.ടി.സി.-യുടെ വിപണിമൂല്യം ഗണ്യമായി ഉയർത്താൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി. യുടെ വരുമാനം കുറഞ്ഞ 1900 സർവ്വീസുകൾ പുന:ക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളായി മാറ്റുകയും സമയബന്ധിതമായി പുതിയ ബസുകൾ പുറത്തിറക്കുകയും ചെയ്യതുവഴി കെ.എസ്.ആർ.ടി.സി. യുടെ പ്രതിദിന വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഡോ. എൻ. ജയരാജ് : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനുവേണ്ടി ഒട്ടേറെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ കൺസോർഷ്യം രൂപീകരിച്ചതാണ്. കെ.എസ്.ആർ.ടി.സി. യുടെ നിലവിലുള്ള ബാധ്യത ഇപ്പോൾ എത്രയാണ് ? 1300 കോടി രൂപ കൺസോർഷ്യത്തിൽ നിന്ന് ലഭിക്കുകയും സംസ്ഥാന ഗവൺമെന്റ് വായ്പയായി നൽകിയ 1090 കോടി രൂപ മൂലധന നിക്ഷേപമാക്കി മാറ്റുകയും കെ.റ്റി.ഡി.എഫ്.സി.യിൽനിന്നും എടുത്തിട്ടുള്ള പലിശ കൂടിയ വായ്പകൾ പലിശ കുറഞ്ഞ വായ്പകളാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള ബാധ്യത എത്രകാലംകൊണ്ട് പൂർണ്ണമായി ഇല്ലാതാക്കി കെ.എസ്.ആർ.ടി.സി.-യെ ലാഭകരമായി സ്വയംപര്യാപ്തമായ സ്ഥാപനമാക്കി മാറ്റാൻ കഴിയുമെന്നുള്ളത് വ്യക്തമാക്കാൻ കഴിയുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഒരു മാസത്തിൽ 105 കോടി രൂപയാണ് റണ്ണിംഗ് ലോസ്സായി വരുന്നത്. റണ്ണിംഗ് ലോസ് കുറയ്ക്കുന്നതിനുള്ള കാര്യങ്ങളെ ക്കുറിച്ചാണ് ഞാൻ സൂചിപ്പിച്ചത്. ഞങ്ങളുടെ കണക്കനുസരിച്ച് റണ്ണിംഗ് ലോസ് പൂർണ്ണമായും മാറി രണ്ടും തുല്യമായി, നോ പ്രോഫിറ്റ് നോ ലോസ് എന്ന ബെയ്സിലേയ്ക്ക് കൊണ്ടുവരണമെങ്കിൽ ഒരു ദിവസം ഏകദേശം ഏഴര കോടി രൂപയോളം കളക്ഷനുണ്ടാകണം. അതിനുവേണ്ടി 92 ഡിപ്പോകൾക്ക് ഒരു ക്വാട്ട നിശ്ചയിച്ച

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുണ്ട്. 92 ഡിപ്പോകളും ഈ റേറ്റിലേയ്ക്ക് അവരുടെ ക്വാട്ട കൊണ്ടുവന്നാൽ നിശ്ചയമായും റണ്ണിംഗ് ലോസ് കുറച്ച് പ്രോഫിറ്റും ലോസും ഇല്ലാത്ത നിലയിലേയ്ക്ക് കെ.എസ്.ആർ.ടി.സി.-യെ എത്തിക്കാം. ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടികളനുസരിച്ച് 40 കോടി രൂപയുടെ ഡിഫറൻസാണ് വരാൻ സാധ്യതയുള്ളത്. അതിനുള്ള നടപടികളിൽ ജീവനക്കാർ നന്നായി സഹകരിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്; അവരുമായി പല പ്രാവശ്യം ചർച്ച നടത്തിയിരുന്നു. അവരുടെ കൂടി സഹകരണത്തോടെ കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുകയാണ്. 7 കോടി 10 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിച്ച ദിവസങ്ങളുണ്ട്. സാധാരണ ഒരാഴ്ചയിൽ 4 ദിവസം ഓഫ് ഡേ പോലെയും ബാക്കിയുള്ള ദിവസങ്ങളിൽ മാക്സിമം കളക്ഷനുമാണ് ലഭിക്കുന്നത്. മാക്സിമം കളക്ഷൻ ലഭിക്കുന്ന ദിവസങ്ങളിൽ 7 കോടി 10 ലക്ഷം രൂപ വരെ കിട്ടിയ ചില ദിവസങ്ങളുണ്ട്. എല്ലാവരും കൂടി ശ്രമിച്ച് കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്തുന്നതിനുള്ള തീവ്രയത്നമാണ് നടക്കുന്നത്. അതിൽ തൊഴിലാളി യൂണിയനുകളെല്ലാം ഒരുമിച്ച് സഹകരിക്കുന്നുണ്ട് എന്നതും ഞാൻ ഓർമ്മിപ്പിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മത-ജാതി വർഗ്ഗീയശക്തികളുടെ ഭീഷണി

4 (*4) ശ്രീമതി കെ. കെ. ലതിക :
ശ്രീ. ജെയിംസ് മാത്യു :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത വർഗീയതയും ജാതി വർഗീയതയും ആളിപ്പടർത്തുന്നതിന് ചില ശക്തികൾ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തി വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) കേരളം നേരിടുന്ന വർഗീയ ഭീഷണിയെ ചെറുക്കാനും മത നിരപേക്ഷതാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും സർക്കാർ തയ്യാറാകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

LIBRARY ARCHIVES Kerala Legislative Assembly